"ഭരണഭാഷ മാതൃഭാഷ"

നമ്പർ.TCPKZD/128/2022/C1

തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം,
An ISO 9001 2015 Certified Office
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി.19/03/2022
ഫോൺ: 0495-2369300
ഇമെയിൽ :tpkzd.lsgdplng@kerala.gov

**നഗരാസൂത്രക,**
കോഴിക്കോട്.

**അസി.എഞ്ചിനിയർ**
കോഴിക്കോട് നഗരസഭ(എലത്തൂർ മേഖല )

സർ,

വിഷയം: കോഴിക്കോട് നഗരസഭ(എലത്തൂർ മേഖല )-പരിസ്ഥിതി ലോല മേഖലയിൽ - വാസഗൃഹ നിർമാണം -ശ്രീ.അനിൽ കുമാർ, റീന എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 28/01/2022 ലെ EZ4/4915/20 നമ്പർ കത്ത്

**കോഴിക്കോട് നഗരസഭ(എലത്തൂർ മേഖല ) -ഇലക്ടറൽ വാർഡ് -1 , റീസർവേ നമ്പർ -71/7,71/9 ൽ** 388.41 ച .മീ സ്ഥലത്ത് തന്നിരിക്കുന്ന പ്ലാൻ പ്രകാരം 2019 ലെ കേരള മുനിസിപ്പൽ/ ബിൽഡിംഗ് റൂളിനു അനുസൃതമായി ശ്രീ. അനിൽ കുമാർ, റീന എന്നവരുടെ അപേക്ഷയിൽ ഒരു വാസഗൃഹ നിർമാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് .വിധേയമായി അനുമതി നൽകുന്നത് അംഗീകരിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു

**നിബന്ധനകൾ**

1. നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ വിസ്തീർണം , അതിരുകൾ, ഉടമസ്ഥാവകാശം, റിസ നമ്പർ, ഭൂമിയുടെ തരം മുതലായവ സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
3. പെർമിറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 5(4) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ വാങ്ങേണ്ടതാണ് .
4. നിർദിഷ്ട പ്ലോട്ട് തീരദേശ നിയന്ത്രണമേഖലയിൽ ഉൾപ്പെടുന്നതിനാൽ CRZ ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണ്.

നോട്ട്:- *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം 2035 ഭേദഗതി 12(C) പ്രകാരം പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹം നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ് .*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച്

തിരിച്ചയക്കുന്നു.

Signature valid

Digitally signed by ISHA P A
Date: 2022.03.19 16:25:46
IST
Reason: Approved
Location: PALAKKAD

വിശ്വസ്തതയോടെ,

നഗരാസൂത്രക, കോഴിക്കോട്

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്

DESPATCHED

Date 23/03/22